# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 18 No. 07 | PUBLISHED FROM DELHI | PRICE Rs. 3/- | JULY 2014


## എഫ്.സി.ബി.സി. ഒമ്പതാം വർഷത്തിലേക്ക്

**അടൂർ**:-ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 9-ാമത് അദ്ധ്യയനവർഷത്തിലെ ക്ലാസ്സുകൾക്ക് അനുഗ്രഹിതമായ തുടക്കം. 2014 ജൂൺ 8-ാം തീയതി വൈകിട്ട് 4 മണിക്ക് കോളജ് അങ്കണത്തിൽ വച്ച് നടന്ന സ്തോത്ര ശുശ്രൂഷയിൽ വച്ച് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും കോളജ് ഡയറക്ടറുമായ പാസ്റ്റർ എം.സാമുവൽക്കുട്ടി പ്രാർത്ഥിച്ച് ക്ലാസ്സുകൾ ആരംഭിച്ചു. എഫ്.സി.ബി.സി. പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം, പാസ്റ്റർ രാജൻ പി.ഡി. എന്നിവർ ആശംസകളർപ്പിച്ചു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ പുതിയ വിദ്യാർത്ഥികളെ പരിചയപ്പെടുത്തി. പുതിയ ബാച്ചിലെ 21 വിദ്യാർത്ഥികൾ ഉൾപ്പെടെ 48 പേർ ഈ വർഷം വചനം അഭ്യസിക്കുന്നു.

കോന്നി പൂങ്കാവിലെ തുണ്ടുവിളയിൽ ബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 2-ാമത് അദ്ധ്യയനവർഷത്തിലെ ക്ലാസ്സുകളുടെ ഔപചാരിക




*കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി പ്രസംഗിക്കുന്നു. പാസ്റ്റർമാരായ എബി ജോർജ്, മനോജ് തമ്പി, രാജൻ പി.ഡി. എന്നിവർ വേദിയിൽ*

ഉദ്ഘാടനം ജൂൺ 10ന് കോളജ് ഡയറക്ടറായ പാസ്റ്റർ എം.സാമുവൽക്കുട്ടി നിർവ്വഹിച്ചു. പ്രേക്ഷിത പ്രവർത്തനങ്ങൾക്ക് നിയോഗം ലഭിച്ചവർ പെട്ടകം ചുമക്കുന്ന ലേവ്യാപുരോഹീതന്മാർ യോർദാൻ നദിയിൽ ഉറച്ചു നിന്നതു പോലെ ഉറച്ചു നിൽക്കുന്നവരാകണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. പ്രവർത്തികൾ മൂലം ഒരിക്കലും പുരോഹിതശുശ്രൂഷയ്ക്ക് യോഗ്യരല്ലായിരുന്ന ലേവ്യരെ ദൈവം തന്റെ സ്നേഹത്താൽ തിരെഞ്ഞെടുത്തു. അതിന് കാരണമായത് ദൈവത്തിന്റെ പക്ഷത്തു നിൽക്കുവാനുള്ള അവരുടെ തീരുമാനമായിരുന്നു. അതുപോലെ നമ്മുടെ പ്രവർത്തികൾ നോക്കാതെ ദൈവസ്നേഹം നമ്മെയും തേടി വന്നു നമ്മെ രാജ്യവും പൂരോഹിതവംശവുമാക്കി തീർത്തിരിക്കുകയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സുവി. സാംസൺ സാമുവൽ, പാസ്റ്റർ രാജൻ പി.ഡി. എന്നിവർ ആശംസകളർപ്പിച്ചു. കോളജ് രജിസ്ട്രാർ

(ശേഷം രണ്ടാം പേജിൽ)

## പാസ്റ്റർ സി.എസ് ലാസർ നിത്യതയിൽ



1948 – 2014

**വെട്ടിയാർ**: പ്രശസ്ത കൺവൻഷൻ പ്രാസംഗികനും അടൂർ ശാലേം ഗോസ്പൽ ടീം ഡയറക്ടറുമായ പാസ്റ്റർ സി.എസ്. ലാസർ(66) 2014 മെയ് 23ന് രാവിലെ 4 മണിക്ക് നിത്യതയിൽ പ്രവേശിച്ചു.

അടൂർ മുണ്ടപ്പള്ളി കാഞ്ഞിരംവിള വീട്ടിൽ സോളമൻ പീറ്ററിന്റെയും അന്നമ്മ സോളമന്റെയും അഞ്ചാമത്തെ മകനായി 1948 നവംബർ 3 ന് ജനിച്ചു. 1971ൽ തിരുവനന്തപുരം കവടിയാറിലുള്ള സാൽവേഷൻ ആർമിയുടെ സെമിനാരിയിൽ വേദപഠനത്തിനു ചേരുകയും പഠനാന്തരം സാൽവേഷൻ ആർമിയുടെ വിവിധ സഭകളിൽ ശുശ്രൂഷകനായി സേവനം അനുഷ്ടിക്കുകയും ചെയ്തു. 1978 മുതൽ ശാരോൺ ഫെല്ലോഷിപ്പ് സഭയുമായി ചേർന്ന് പീരിമേട്, കുമ്പളാംപൊയ്ക, റാന്നി ചേത്തയ്ക്കൽ, ചിറ്റാർ നീലിപിലാവ്, മല്ലപ്പള്ളി മടുക്കോൽ, നാരങ്ങാനം, തുവര എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായി സേവനമനുഷ്ടിച്ചു.

1979ൽ അടൂർ ശാലേം ഗോസ്പൽ ടീം ആരംഭിക്കുകയും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ പരസ്യയോഗങ്ങളും കൺവൻഷനുകളും നടത്തിവന്നു, 2004 മുതൽ വെട്ടിയാർ കൺവൻഷൻ എന്ന ആത്മീയ സംഗമത്തിന് നേതൃത്വം നൽകുകയും 10 വർഷമായി തുടർച്ചയായി കൺവൻഷൻ നടത്തുകയും ചെയ്തു. ഏകദേശം നാല്പത്തിയഞ്ചിൽ പരം വർഷത്തെ ദൈവീക ശുശ്രൂഷയിലൂടെ ആയിരങ്ങളെ രക്ഷയിലേക്ക് അദ്ദേഹം നയിച്ചു.

മെയ് 27-ാം തീയതി വെട്ടിയാർ ബെഥേൽ ഐ.പി.സി. സഭയുടെ നേതൃത്വത്തിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. വെട്ടിയാർ പടിഞ്ഞാറെയറ്റത്ത് കുടുംബാഗമായ പൊന്നമ്മയാണ് ഭാര്യ. മക്കൾ: ജോളി, എബി, പരേതനായ ബിബിൻ

## വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു

**അടൂർ**: കഴിഞ്ഞ 16 വർഷങ്ങളായി ചെയ്തു വരുന്നതു പോലെ ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് സഭകളിൽനിന്ന് കഴിഞ്ഞവർഷം എസ്.എസ്.എൽ.സി., പ്ലസ് റ്റു പാസ്സായവർക്കും തുടർ വിദ്യാഭ്യാസം ചെയ്യുന്നവരുമായ 22 വിദ്യാർത്ഥികൾക്ക് എം.കെ തോമസ് മെമ്മോറിയൽ വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു. 2014 ജൂൺ 8-ാം തീയതി വൈകിട്ട് 4 മണിക്ക് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അങ്കണത്തിൽ വച്ച് നടന്ന പ്രത്യേക യോഗത്തിന് കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അധ്യക്ഷത വഹിച്ചു. അതോടോപ്പം പത്തനംതിട്ട ജില്ലയിൽ നിന്ന് പ്ലസ്റ്റുവിന് 100% മാർക്ക് വാങ്ങി ഉന്നതവിജയം നേടിയ ശരത് ശശി മോഹനനെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി 5000 രൂപയുടെ ക്യാഷ് അവർഡും പ്രശസ്തി ഫലകവും നൽകി ആദരിച്ചു. സഹോദരി എലിസബേത്ത് സാമുവൽ, പാസ്റ്റർ ബിനു ജോൺ, പാസ്റ്റർ രാജൻ പി.ഡി., സുവി. സാംസൺ സാമുവൽ എന്നിവർ സഹായ വിതരണം നിർവ്വഹിച്ചു.



*ശരത്തിന് കൃഷ് അവാർഡും പ്രശസ്തി ഫലകവും നൽകുന്നു*

## വി.ബി.എസ് കാൽക്കാജി-2014

**ന്യൂഡൽഹി**: കാൽക്കാജി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ നേതൃത്വത്തിൽ ജൂൺ 23 മുതൽ 28 വരെ ഏഴാമത് വി.ബി.എസ്. കാൽക്കാജി -2014 നടത്തപ്പെട്ടു. ആവേശഭരിതരായ കുട്ടികളും മികവുറ്റ അധ്യാപകരും ഈ വി.ബി.എസ്സിന്റെ പ്രത്യേകതയായിരുന്നു. നാല് മുതൽ ഇരുപത്തിനാലു വയസ് വരെയുള്ള 70 കുഞ്ഞുങ്ങൾ വി.ബി.എസ്സിൽ പങ്കെടുത്തു.

23-ാം തീയതി രാവിലെ 8.45 ന് രജിസ്ട്രേഷൻ ആരംഭിച്ചു. അതിനുശേഷം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ ബിനോയി പി. ജോൺ പ്രാർത്ഥിച്ച് വി.ബി.എസ്. കാൽക്കാജി-2014 ഉത്ഘാടനം ചെയ്തു."നിങ്ങൾ വിശേഷപ്പെട്ടവരാണ്" (You are Special) എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. ഓരോ ദിവസവും പ്രാർത്ഥനാ ദിനം, ശുചിത്വ ദിനം, സ്നേഹവിരുന്നു ദിനം, ദാന ദിനം, താലന്തുദിനം എന്നിങ്ങനെ വേർതിരിച്ചിരുന്നു. പ്രാപ്തരായ ഏഴ് അധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ബിഗിനർ ക്ലാസ്സിൽ സിസ്റ്റർ മോളി, സിസ്റ്റർ ബിൻസി ചാക്കോ, പ്രൈമറി ക്ലാസ്സിൽ സിസ്റ്റർ മിനി ചാക്കോ, ജൂനിയർ ക്ലാസ്സിൽ പാസ്റ്റർ ബിനു ജോൺ , ഇന്റർമീഡിയേറ്റിൽ പാസ്റ്റർ റ്റി.എം. ജോസഫ്, സീനിയർ ക്ലാസ്സിൽ പാസ്റ്റർ ജോസ് സാമുവൽ എന്നിവർ സ്തുത്യർഹ സേവനങ്ങൾ കാഴ്ചവെച്ചു. കാൽക്കാജി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് സഭാശുശ്രൂഷകൻ പാസ്റ്റർ ടി.ഡി. സുധാകരൻ, പാസ്റ്റർ ബിനോയി പി. ജോൺ, ബ്രദർ ശീലാസ് സാമുവൽ എന്നിവർ ഡയറക്ടേഴ്സായും സേവനം അനുഷഠിച്ചു.

28-ാം തീയതി നാലുമണിമുതൽ കാൽക്കാജി സിലാൽ ചൗക്കിലുള്ള സത്സംഗ് ഹാളിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ വി.ബി.എസ് കുഞ്ഞുങ്ങളുടേയും അധ്യാപകരുടേയും അതിഥികളുടേയും വർണ്ണശബളമായ പരിപാടികൾ അരങ്ങേറി. സമ്മേളനത്തിന് ഐ.പി.സി.(എൻ. ആർ.) ശ്രീനിവാസപുരി ശുശ്രൂഷകൻ പാസ്റ്റർ റ്റി.എം. ജോസഫ് അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു. സുവി. സാംസൺ സാമുവൽ മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ ബിനോയി പി. ജോൺ, ജോസ് സാമുവൽ, ബ്രദർ ബാബുരാജ്, ബ്രദർ ബസലേൽ, ബ്രദർ സാമു പി. സി. എന്നിവർ ആശംസകളറിയിച്ചു. പാസ്റ്റർ എം. സാമുവൽകുട്ടി, സിസ്റ്റർ എലിസബത്ത് സാമുവൽ എന്നിവർ ചേർന്ന് സമ്മാനദാനം നിർവ്വഹിച്ചു. കൃപാ വർഗ്ഗീസ്, ലിഡിയാ സജി, റോബിൻ അച്ചൻകുഞ്ഞ്, ആശിഷ്കുമാർ ജിൻസി ഡേവിസ് എന്നിവർ മികച്ച

(ശേഷം രണ്ടാം പേജിൽ)

***ഉൾപേജുകളിൽ...***


**പരിശോധനകളെ അതിജീവിക്കുക: പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)**

**സ്വർഗ്ഗീയ നിക്ഷേപങ്ങൾ: പാസ്റ്റർ മനോജ് തമ്പി (അടൂർ)**

**ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുള്ള പ്രസക്തി (തുടർച്ച) : ഷിബു തമ്പി (ഡൽഹി)**

**കാലത്തിന് മായിക്കാൻ കഴിയാത്ത പേര് : ഇവാ. ജോൺ സാമുവൽ (മണക്കാല)**

പത്രാധിപ ലേഖനം.......

# പരിശോധനകളെ അതിജീവിക്കുക



നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ പരീക്ഷയിലകപ്പെട്ടുപോയി എന്നു ചിന്തിച്ച് ഭ്രാന്തചിത്തമായ അവസ്ഥയിലേക്ക് പലപ്പോഴും നാം എത്തിപ്പെടാറുണ്ട്. അതിൽനിന്നുള്ള തൽക്ഷണ വിടുതൽ ആഗ്രഹിച്ചിട്ടും ലഭിക്കാതെ വരുമ്പോൾ നാം ആശയറ്റവരായി മാറ്റപ്പെടുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നില്ലെന്നും സ്നേഹിക്കുന്നുണ്ടായിരുന്നുവെങ്കിൽ ഒരു ചെറിയ വഴിയെങ്കിലും അവൻ കാട്ടിത്തരുമായിരുന്നു എന്നു പോലും പലരും പറഞ്ഞുപോകുന്നു. പക്ഷെ നാം മനസിലാക്കേണ്ടത് ദൈവം അറിയാതെ ഒരു പരീക്ഷയും നമ്മുടെ ജീവിതത്തിൽ കടന്നുവരികയില്ല. നമ്മുടെ ചുറ്റുപാടും എന്തും സംഭവിക്കട്ടെ, സകലവും നിയന്ത്രിക്കുന്ന ദൈവം നമ്മോടുകൂടെയുണ്ട്. ആ ബോധ്യമുണ്ടെങ്കിൽ അകപ്പെട്ടിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും വിജയകരമായി നാം പുറത്തുവരും.

പരിശോധനകളെ അതിജീവിക്കുന്നതിന് നാം അനുവർത്തിക്കേണ്ട ചില കാര്യങ്ങൾ യാക്കോബിന്റെ ലേഖനം ഒന്നാം അദ്ധ്യായത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു. നാം പരിശോധനകളെ പ്രതീക്ഷിക്കണം. 'നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമെങ്കിൽ' എന്നല്ല മറിച്ച് 'നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ' എന്നാണ് യാക്കോബ് പറയുന്നത്. ക്രിസ്തീയജീവിതം ലാഘവത്തോടെ കാണുന്നവർക്ക് ഇത് ഞെട്ടൽ ഉണ്ടാക്കും. 'നമുക്ക് ലോകത്തിൽ കഷ്ടമുണ്ട്' എന്ന് കർത്താവ് പഠിപ്പിച്ചിട്ടുണ്ട് (യോഹന്നാൻ 16:33). 'നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു' എന്ന് പൗലൊസും ഓർപ്പിക്കുന്നു(അപ്പൊ. 14:22). നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നാം ആഗ്രഹിക്കുന്ന തരത്തിൽ ആകണമെന്നില്ല. ചില പരിശോധനകൾ നാം വെറും മനുഷ്യരെന്ന നിലയിൽ തന്നെയാണ് വരുന്നത്; രോഗം, ദുഃഖം, അപകടങ്ങൾ, നിരാശകൾ, ദുരന്തങ്ങൾ തുടങ്ങിയവ. മറ്റു ചില പരിശോധനകൾ നാം വിശ്വാസികളെന്നനിലയിൽ വന്നുചേരുന്നു. പത്രൊസ് തന്റെ ലേഖനത്തിൽ, 'പ്രിയരെ, നിങ്ങൾക്ക് പരിശോധനയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം വന്നുകൂടിയെന്നുവെച്ച് അതിശയിച്ചു പോകരുത് ' എന്ന് പറഞ്ഞിരിക്കുന്നു (1 പത്രൊസ് 4:12). സാത്താൻ എപ്പോഴും നമ്മോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. ലോകം നിരന്തരം നമ്മോട് എതിർക്കുന്നു, അത് നിരന്തര യുദ്ധത്തിലെത്തിക്കുന്നു. നിങ്ങൾ വിവിധ പരീക്ഷകളിൽ 'അകപ്പെടുമ്പോൾ' എന്ന് പറഞ്ഞിരിക്കുന്നത് ഏതെങ്കിലും മടയത്തരത്തിൽ വീഴുന്നുവെന്ന അർത്ഥത്തിലല്ല, മറിച്ച് അവിടെ അർത്ഥമാക്കുന്നത് 'അഭിമുഖീകരിക്കുമ്പോൾ', 'വന്നുചേരുമ്പോൾ' എന്നാണ്. ഒരു വിശ്വാസി പരിശോധനകൾ നിർമ്മിക്കുന്നവനാകരുത്. 'വിവിധ പരീക്ഷകൾ' എന്ന് പറഞ്ഞിരിക്കുന്നത്, 'വൈവിധ്യമാർന്ന' എന്ന അർത്ഥത്തിലാണ്. 1 പത്രൊസ് 1:6-ൽ 'നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടി വന്നാലും' എന്ന വാക്യം ശ്രദ്ധാർഹമാണ്. പരീക്ഷകളെല്ലാം ഒരുപോലെയുള്ളതല്ല; വിവിധ നിറത്തിലുള്ള ഇഴകൾ ചേർത്തു നെയ്ത വസ്ത്രം പോലെയാണത്. ജീവിതാനുഭവങ്ങൾക്ക് പല നിറം പകരുന്നത് ദൈവം തന്നെയാണ്. അവസാനം പുറത്തുവരുന്ന ഉല്പന്നം ദൈവനാമ മഹത്വത്തിനുമാണ്. അതുകൊണ്ട് പരീക്ഷകൾ വരുമ്പോൾ കർത്താവിനു നന്ദി പറയുകയും സന്തോഷത്തോടെ അതിനെ അഭിമുഖീകരിക്കുകയും ചെയ്യണം. പരീക്ഷകളെ വിശ്വാസക്കണ്ണാൽ കാണണം.

ഏറ്റവും നല്ലത് പുറത്തുകൊണ്ടുവരുവാനാണ് ദൈവം പരിശോധനകൾ നൽകുന്നത്. എന്നാൽ പിശാച് നമ്മുടെ ഏറ്റവും മോശമായ അവസ്ഥ വെളിപ്പെടുത്തുവാനാണ് പരീക്ഷ കൊണ്ടുവരുന്നത്. നമ്മുടെ വിശ്വാസത്തിന്റെ പരിശോധന നാം വീണ്ടും ജനിച്ചവരാണെന്നുള്ളത് ഉറപ്പാക്കുന്നു. അവ നമ്മെ പക്വതയിലേക്ക് നയിക്കുന്നു. പ്രതികൂലങ്ങളുടെ മദ്ധ്യേ ഉറച്ചുനിൽക്കുന്നതിനാവശ്യമായ ക്ഷമയും സഹിഷ്ണതയുമാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. 'കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു' (റോമർ 5:3-4). അപക്വമതികൾ എല്ലായിപ്പോഴും അക്ഷമരാണ്. എന്നാൽ പക്വതയുള്ളവർ ക്ഷമയുള്ളവരാണ്. അക്ഷമയും അവിശ്വാസവും പലപ്പോഴും ഒരുമിച്ച് പോകുന്നതുപോലെ ക്ഷമയും വിശ്വാസവും ഒരുമിച്ച് പോകുന്നു. 'വിശ്വസിക്കുന്നവൻ ഓടിപോകയില്ല' (യെശ.28: 16). ക്ഷമയില്ലാത്തവർക്ക് ജീവിതത്തിൽ ഒന്നും തന്നെ പ്രാപിക്കുവാൻ കഴിയുന്നതല്ല. എല്ലാ അനുഗ്രഹങ്ങളുടെയും താക്കോൽ ക്ഷമയാകുന്നു. ഒരുവൻ കർത്താവിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കുമ്പോൾ ദൈവം അവനിലൂടെ വൻ കാര്യങ്ങൾ ചെയ്യുന്നു. അബ്രഹാം ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കാതെ ഹാഗാറിനെ പരിഗ്രഹിക്കയാൽ വളരെ ദുഃഖം ക്ഷണിച്ചുവരുത്തി (ഉല്പത്തി 16). മോശെയും അങ്ങനെതന്നെ ദൈവത്തിനായി കാത്തിരിക്കാതിരുന്നതിനാൽ കൊലപാതകനാകുകയും നാല്പതു വർഷം ആടുകളെ മേയിച്ചുകൊണ്ട് അലയേണ്ടതായും വന്നു(പുറപ്പാട് 2:11). പത്രൊസിന്റെ അക്ഷമ മുഖാന്തരം ഒരു മനുഷ്യനെ കുലചെയ്യാവുന്ന അവസ്ഥവരെയെത്തി ( യോഹ.18:10-11). കർത്താവ് പരിശോധനയിലൂടെയാണ് നമ്മെ ക്ഷമ പഠിപ്പിച്ച് സ്വഭാവം രൂപപ്പെടുത്തുന്നത്. പുസ്തകവായനയിലൂടെയോ പ്രസംഗം കേൾക്കുന്നതിലൂടെയോ പ്രാർത്ഥിക്കുന്നതിലൂടെയോ സഹിഷ്ണത ലഭിക്കണമെന്നില്ല. ജീവിതത്തിന്റെ കഠിനശോധനകളുടെ മദ്ധ്യത്തിൽ ദൈവത്തെ അനുസരിച്ച്, വിശ്വസിച്ച് മുന്നോട്ട് പോകുമ്പോൾ ക്ഷമയും തദനുസരണമായ സ്വഭാവവും നമ്മിൽ രൂപപ്പെടും. പരിശോധനകൾ നമ്മിലും നമുക്കുവേണ്ടിയും എന്തെല്ലാം നിവർത്തിക്കുമെന്ന് നാം അറിയും. അതിന്റെ ആത്യന്തികഫലം ദൈവമഹത്വമാണ്. ഈ വസ്തുതയാണ് തിരുവചനം നമ്മെ ക്ഷമയിൽ വളരുവാൻ സഹായിക്കുന്നത്. അബ്രഹാം, യോസേഫ്, മോശെ, ദാവീദ് എന്നിവർ മാത്രമല്ല നമ്മുടെ കർത്താവിനും പരിശോധനകൾ ദൈവം നൽകിയതിന്റെ പിന്നിൽ ലക്ഷ്യങ്ങളുണ്ടായിരുന്നു. ദൈവത്തിൽ നാം ആശ്രയിക്കുമ്പോൾ തന്റെ ലക്ഷ്യം അവൻ നമ്മിൽ പൂർത്തീകരിക്കുന്നു. ഗ്രഹിക്കുന്ന മനസ്സിന് പകരമായി മറ്റൊന്നുമില്ല, അജ്ഞനായ വിശ്വാസിയെ സാത്താൻ തോൽപ്പിച്ചേക്കാം. എന്നാൽ തിരുവചനം അറിയുകയും ദൈവീകലക്ഷ്യം മനസിലാക്കുകയും ചെയ്യുന്ന ഒരുവിശ്വാസിയെ തോൽപ്പിക്കുവാൻ പിശാചിന് കഴികയില്ല.

നാം പൂർണ്ണമായി സഹകരിച്ചെങ്കിൽ മാത്രമെ ദൈവത്തിന് നമ്മുടെ സ്വഭാവത്തെ രൂപപ്പെടുത്താൻ കഴിയുകയുള്ളു. നാം മറുത്ത് നിന്നാൽ ദൈവത്തിന് ബാലശിക്ഷയിലൂടെ നമ്മെ സമർപ്പണത്തിലേക്ക് നയിക്കേണ്ടി വരും. നാം തന്നെ ദൈവത്തിനു മുമ്പാകെ പൂർണ്ണമായി സമർപ്പിക്കുന്നുവെങ്കിൽ തന്റെ വേല അവൻ നമ്മിൽ പൂർത്തീകരിക്കും. പകുതി വഴിയിൽ അവൻ തൃപ്തനല്ല. പണിയുടെ പൂർത്തീകരണമാണ് ദൈവം ആഗ്രഹിക്കുന്നത്. പക്വതയും പൂർണ്ണതയുമുള്ള ഒരു ഉല്പന്നമാണ് ദൈവം നോക്കിക്കൊണ്ടിരിക്കുന്നത്. നാം പക്വത പ്രാപിക്കുക എന്നതാണ് നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന്റെ ലക്ഷ്യം. കുഞ്ഞുങ്ങൾ എന്നും കുഞ്ഞുങ്ങളായിത്തന്നെയിരിക്കുമ്പോൾ മാതാപിക്കൾക്ക് അതൊരു തീരാദുഃഖമായി പരിണമിക്കും. പക്വതയുടെ വഴിത്താരയിൽ ആനന്ദവും അപകടവും ഉണ്ടെങ്കിൽപോലും കുഞ്ഞുങ്ങൾ വളരുന്നതിൽ മാതാപിതാക്കൾ സന്തോഷിക്കുന്നു. അനേക വിശ്വാസികളും പരിശോധനകളിൽ നിന്ന് ഓടിയൊളിക്കുവാൻ ശ്രമിക്കുന്നതുകൊണ്ട് വേണ്ടുന്നതുപോലെ വളരുന്നില്ല. 'കുഞ്ഞുങ്ങൾ' യൗവനക്കാരും, 'യൗവനക്കാർ' പിതാക്കന്മാരും ആയി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു (1 യോഹ. 2:12-14). എന്നാൽ നമ്മുടെ സമ്മതം കൂടാതെ ദൈവം നമ്മിൽ പ്രവർത്തിക്കയില്ല. സമർപ്പിക്കപ്പെട്ട ഇച്ഛാശക്തിയാണ് നമുക്കാവശ്യമായിരിക്കുന്നത്. പക്വതയുള്ള വ്യക്തി ദൈവഹിതത്തെ ചോദ്യം ചെയ്യുകയില്ല. തന്നെയുമല്ല, മനസ്സോടെ ദൈവേഷ്ടം അംഗീകരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യും. ദൈവവിധേയമല്ലാത്ത ഇച്ഛാശക്തിയുമായി പരീക്ഷകളിൽകൂടെ കടന്നുപോകുവാൻ ശ്രമിച്ചാൽ നാം പക്വത പ്രാപിച്ച യൗവനക്കാരെപ്പോലെയല്ല, അനുസരണംകെട്ട കൊച്ചുകുട്ടികളെ പോലെയായിരിക്കും. യോന അതിന് ഉദാഹരണമാണ്.

സംശയിക്കുന്ന വിശ്വാസിയെ ഒരു നിമിഷം ഉയരുകയും അടുത്ത നിമിഷം താഴുകയും ചെയ്യുന്ന കടൽ തിരയോടാണ് യാക്കോബ് ഉപമിച്ചിരിക്കുന്നത്. ഇരുമനസ്സുള്ളവന്റെ അനുഭവം ഇതു തന്നെയാണ്. വിശ്വാസം നമ്മോട് പറയുന്നത് 'ഉവ്വ് ' എന്നാണ്, അവിശ്വാസം പറയുന്നത് 'ഇല്ല' എന്നും. അപ്പോൾ സംശയിക്കുകയും ഒരിക്കൽ ഉവ്വ് എന്നും അടുത്ത നിമിഷം ഇല്ലെന്നും പറയുന്നു. യേശുവിനോടുകൂടെ കടലിൻമീതെ നടക്കുവാൻ ശ്രമിക്കുമ്പോൾ പത്രൊസ് മുങ്ങിത്താഴുവാൻ കാരണവുമിതാണ് (മത്തായി 14:22-33). യേശു അവനോട് ചോദിച്ചത്, 'അല്പവിശ്വാസിയേ നീ എന്തിനു സംശയിച്ചു?' എന്നായിരുന്നു. വിശ്വാസത്തോടെ കടലിൻമീതെ കാലെടുത്തുവച്ചപ്പോൾ കണ്ണുകൾ യേശുവിലായിരുന്നു. കാറ്റും തിരമാലകളും കണ്ട് പേടിച്ചപ്പോൾ മാത്രമാണ് മുങ്ങുവാൻ തുടങ്ങിയത്. അപ്പോൾ 'വിശ്വാസയാത്ര' നഷ്ടപ്പെട്ടിരുന്നു, അവൻ ഇരുമനസ്സുള്ളവനായിത്തീർന്നു, അപ്പോഴേക്കും അവൻ മുങ്ങിത്തുടങ്ങിയിരുന്നു. അനേകം ക്രിസ്ത്യാനികളും തിരകളുടെ മുകളിൽ തടിപോലെയാണ്. തിരയോടൊപ്പം ഉയരുകയും അതോടൊപ്പം താഴുകയും ചെയ്ത് അങ്ങോട്ടും ഇങ്ങോട്ടും ലക്ഷ്യംതെറ്റി അലയുന്നു. ഈ അനുഭവം അപക്വതയുടെ തെളിവാണ്. 'പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ' (യാക്കോ.1:12). പരീക്ഷയെ സഹിഷ്ണതയോടെ നേരിടുന്നവർക്ക് ജീവകിരീടം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ആദ്യം ക്രൂശ്, പിന്നെ കിരീടം. ആദ്യം കഷ്ടത പിന്നെ മഹത്വം. വിശ്വാസത്തിന്റെ ചുവടോടെ പരിശോധനകളെ അത്ജീവിച്ച് ജീവകീരീടം പ്രാപിക്കുവാൻ വിശ്വാസിയുടെ എല്ലാ വായനക്കാരെയും ദൈവം സഹായിക്കട്ടെ, ആമേൻ.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## എഫ്.സി.ബി.സി. ഒമ്പതാം വർഷത്തിലേക്ക്

(ഒന്നാം പേജിൽ നിന്നും തുടർച്ച)

പാസ്റ്റർ ബോബി പി. ജോൺ സ്വാഗതവും കോളജ് ചാപ്ലെൻ പാസ്റ്റർ റെജി എൻ.ജെ നന്ദിയും അർപ്പിച്ചു. ഇവിടെ നടക്കുന്ന സായ്ഹന കോഴ്സിൽ(സി.റ്റി.എച്ച്) 12 പേർ ഈ വർഷം വചനം അഭ്യസിക്കുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെയായിരിക്കും ക്ലാസ്സുകൾ നടക്കുന്നത്. എഫ്.സി.ബി.സിയിലെ പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കും.

## വി.ബി.എസ്. കൽക്കാജി - 2014

(ഒന്നാം പേജിൽ നിന്നും തുടർച്ച)

വിദ്യാർത്ഥികളായി തിരെഞ്ഞെടുക്കപ്പെട്ടു. ബ്രദർ ശീലാസ് സാമുവൽ സ്വാഗതവും പാസ്റ്റർ ടി.ഡി. സുധാകരൻ നന്ദിയും പ്രകാശിപ്പിച്ചു. പാസ്റ്റർ റ്റി.എം. ജോസഫ് പ്രാർത്ഥിച്ച് സമാപന സമ്മേളനം അവസാനിച്ചു.

## വിവാഹിതരായി

അടൂർ: ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും അടൂർ മുണ്ടപ്പള്ളി ഫെയ്ത്ത് വില്ലയിൽ പാസ്റ്റർ എം സാമുവൽകുട്ടി സിസ്റ്റർ എലിസബേത്ത് സാമുവൽ എന്നിവരുടെ മകൾ സോണിയ സാമുവലും ചൂരക്കോട് ഐ.പി.സി. സഭാംഗവും തുവയൂർ നോർത്ത് ഷൈജു ഭവനിൽ എം.ജി. ജോണിന്റെയും എസ്ഥേർ ജോണിന്റെയും മകൻ ഷൈജു ജോണും തമ്മിലുള്ള വിവാഹം ജൂൺ 5 വ്യാഴാഴ്ച ചൂരക്കോട് ഹരിശ്രീ ആഡിറ്റോറിയത്തിൽ വച്ച് ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസിന്റെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി* മാസികാ പ്രവർത്തകരുടെ ആശംസകൾ!




## വിശ്വാസ ഗീതങ്ങൾ

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Niwas, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സ്വർഗ്ഗീയ നിക്ഷേപങ്ങൾ



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**ആ**ശയവിനിമയത്തിൽ ആവേശകരമായ മുന്നേറ്റം നടത്തുവാൻ മനുഷ്യന് ലഭ്യമായ കഴിവാണ് പ്രസംഗം. ആശയങ്ങളും വാക്കുകളും അവതരണവും തമ്മിലുള്ള ഒത്തുചേരലും അവയുടെ ശക്തമായ ബഹിർസ്ഫുരണവുമാണ് പ്രസംഗം. ലോക ചരിത്രത്തിൽ തന്നെ വിപ്ലവകരമായ മാറ്റങ്ങൾക്കും ഉണർവ്വിനും നിദാനമായ പ്രസംഗങ്ങൾക്ക് വിശുദ്ധ ബൈബിൾ സാക്ഷ്യം വഹിക്കുന്നു. യേശുക്രിസ്തുവിന്റെ പ്രസംഗങ്ങൾക്കുള്ള പ്രസക്തി അതിന്റെ സ്വാധീനം എന്നിവ ആനുകാലിക ജീവിതത്തിൽ സുവർണ്ണ നിമിഷങ്ങളെ സമ്മാനിക്കുന്നു. ദൈവരാജ്യ പ്രചരണത്തിനായി ക്രിസ്തുനാഥൻ അവലംബിച്ച പ്രധാനപ്പെട്ട മാധ്യമം പ്രസംഗമായിരുന്നു. പ്രഖ്യാപനം, പ്രചരണം, പ്രബോധനം എന്നിവ ക്രിസ്തു പ്രസംഗങ്ങളുടെ പ്രമേയങ്ങളായിരുന്നു. അലങ്കാരങ്ങൾ, ഉപമകൾ, പഴമൊഴികൾ എന്നിവയിലൂടെ ദൈവരാജ്യത്തെ സംബന്ധിക്കുന്ന പ്രസംഗങ്ങൾ യേശു ചെയ്തതായി സുവിശേഷകർ ചൂണ്ടിക്കാണിക്കുന്നു.

യേശുക്രിസ്തുവിന്റെ പ്രധാനപ്പെട്ട മൂന്ന് പ്രസംഗങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു; ഗിരി പ്രഭാഷണം, മാളികമുറി പ്രഭാഷണം, ഒലിവ്മല പ്രഭാഷണം. മത്തായി സുവിശേഷത്തിലെ മൂന്ന് അധ്യായങ്ങളിൽ പരന്നു കിടക്കുന്ന ഗിരി പ്രഭാഷണം ന്യായപ്രമാണത്തിന്റെ നവവ്യാഖ്യാനമാണ്. മതപരവും സാമൂഹികവും വ്യക്തിപരവും ധാർമ്മികവുമായ ഒട്ടനവധി പരാമർശങ്ങളാൽ ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ഗിരി പ്രഭാഷണം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണം ക്രിസ്തുവിന്റെ ദിവ്യസൂക്തങ്ങൾ മനസ്സിലുറയ്ക്കത്തക്കനിലയിൽ കാവ്യാത്മക ശൈലിയിലാണ് ഗിരി പ്രഭാഷണത്തിന്റെ തുടക്കം. ഉപമകളിൽ കൂടിയും കാല്പനികതയിലൂടെയും സരളമായ വാക്കുകളിൽകൂടിയും അഗാധമായ ആശയങ്ങൾ അവതരിപ്പിക്കുന്ന ക്രിസ്തു ആനുകാലിക ജീവിത പശ്ചാത്തലത്തിൽ സുഗന്ധം പരത്തുകയായിരുന്നു. യേശു ക്രിസ്തു വിഭാവന ചെയ്യുന്ന ദൈവരാജ്യത്തിന്റെ മൂലകല്ലായി ഗിരിഗീതയെ വിശേഷിപ്പിക്കാം. യഹൂദാ മതചിന്തയിൽ ഉണ്ടായിരുന്നതിനെക്കാൾ അർത്ഥമുള്ള ധാർമ്മികതയ്ക്കാണ് യേശു ഊന്നൽ നൽകുന്നത്. പ്രാചീന പാലസ്തീനിലെ എല്ലാതരത്തിൽപ്പെട്ട ആളുകളും പക്ഷിമൃഗാദികളും സസ്യലതാദികളും സൂര്യനും ചന്ദ്രനും പ്രസ്തുത പ്രഭാഷണത്തിന്റെ പ്രമേയങ്ങളായിട്ടുണ്ട്. സാധാരണക്കാർക്കു വേണ്ടി സമകാലീക സംഭവങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ട ഇത്തരം ഭാവനകൾ ക്രിസ്തു സുവിശേഷ പ്രചാരണത്തിന് പ്രോത്സാഹനമായി മാറി. വ്യത്യസ്ഥങ്ങളായ ചിന്തകളിലൂടെ പ്രയാണം ചെയ്ത ഗിരിഗീതയുടെ പ്രസക്തമായ ഒരു സംഭാവനയാണ് സ്വർഗ്ഗത്തിലെ നിക്ഷേപങ്ങൾ.

> *ക്രിസ്തു ശിഷ്യരുടെ ജീവിത ദർശനത്തിനു മുമ്പിൽ വിലങ്ങുതടിയായി നിൽക്കുന്ന സാന്ദർഭിക കാരണമാണ് ധനം. മനുഷ്യൻ ഒരേ സമയം ദൈവത്തിന്റെയും ധനത്തിന്റെയും ദാസനായിരിക്കുക സാധ്യമല്ല. ധനം ഒരു ആനുകൂല്യം എന്നതിനെക്കാൾഉത്തരവാദിത്വമായിട്ടാണ് നാം കാണേണ്ടത്. എല്ലാം ദൈവത്തിന്റേതാണെന്നും ദൈവത്തിൽ നിന്നാണ് നമുക്ക് എല്ലാം ലഭിക്കുന്നതെന്നുമുള്ള അടിസ്ഥാനചിന്തയാണ് ജീവിതത്തെ നിറമുള്ളതാക്കി മാറ്റുന്നത്.*

നിക്ഷേപങ്ങളുടെ ദ്വയഭാവങ്ങൾ ക്രിസ്തു സൂക്തങ്ങളിൽ ഭൂമിയിലെ നിക്ഷേപം, സ്വർഗ്ഗത്തിലെ നിക്ഷേപം എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു. ഭൗതികതയുടെ നശ്വരതയും ആത്മീകാനുഭവങ്ങളുടെ അനശ്വരതയുമാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. ഭൂമിയിലെ നിക്ഷേപങ്ങൾ ഉടമസ്ഥരെ ക്ഷീണിതരാക്കുന്നു, പുഴുവും തുരുമ്പും നശിപ്പിക്കുന്നു, കള്ളന്മാർ മോഷ്ടിക്കുന്നു. എന്നാൽ സ്വർഗ്ഗീയ നിക്ഷേപങ്ങൾ നശിക്കാത്തതും സുരക്ഷിതവും ആയിരിക്കും. പണം അനുദിന ജീവിതത്തിന്റെ ഉപയോഗ മാധ്യമം എന്നതിനെക്കാൾ ഒരു നിക്ഷേപമായിരുന്നു പലർക്കും. അത് ലഭിക്കുന്നവർ ആരും കാണാത്ത സ്ഥലത്ത് നിക്ഷേപിച്ചു വെയ്ക്കുകയോ കുഴിച്ചിടുകയോ ചെയ്യും. എന്നാൽ ഇവയെല്ലാം നശിപ്പിക്കുന്ന ക്ഷുദ്രജീവികളും മോഷ്ടിക്കുന്ന കള്ളന്മാരും ഉണ്ടായിരുന്നു. ഇങ്ങനെ ക്ഷണികങ്ങളും നഷ്ടപ്പെടാൻ സാധ്യതയുള്ളതുമായ സാധനങ്ങളിലും മൂല്യങ്ങളിലും ലക്ഷ്യം വച്ചിരിക്കുന്നവർ കനത്ത നിരാശയിൽ ചെന്നെത്തുന്നു. ജഡികവും ഭൗതികവുമായവയ്ക്ക് പ്രാധാന്യം നൽകി ആദ്ധ്യാത്മിക മൂല്യങ്ങളെ തൃണവൽഗണിച്ചു കൊണ്ടുള്ള ജീവിതദർശനം മനുഷ്യന് ഉയർച്ച നൽകുന്നില്ല. ക്രൈസ്തവരുടെ നിധിയും നിക്ഷേപവും സ്വർഗ്ഗത്തിൽ കണ്ടുവെയ്ക്കണമെന്ന് യേശു പഠിപ്പിക്കുന്നു.

മനുഷ്യ വ്യക്തിത്വത്തിന്റെ കേന്ദ്രമാണ് ഹൃദയം. കണ്ണും ഹൃദയവും തമ്മിൽ ബന്ധമുണ്ടെന്ന് ഗിരിഗീതയിലൂടെ ക്രിസ്തു പഠിപ്പിക്കുന്നു. കണ്ണുകൾ ജാലകങ്ങളാണ്. നശ്വരമാകുന്ന നിക്ഷേപങ്ങൾ കണ്ണുകളിലൂടെ ഹൃദയത്തിൽ പ്രവേശിച്ച് ഹൃദയത്തെ ഇടുക്കമുള്ളതാക്കി മാറ്റുന്നു. തത്ഫലമായി അദൃശ്യമായ സ്വർഗ്ഗീയ ധനത്തെ കാണുവാൻ കഴിയാതെ നിക്ഷേപരഹിതരായി മനുഷ്യർ മാറുന്നു. ബൈബിൾ പഠിപ്പിക്കുന്നു: കാണുന്നത് താല്ക്കാലികം കാണാത്തത് നിത്യം. ക്രിസ്തു ശിഷ്യരുടെ ജീവിത ദർശനത്തിനു മുമ്പിൽ വിലങ്ങുതടിയായി നിൽക്കുന്ന സാന്ദർഭിക കാരണമാണ് ധനം. മനുഷ്യൻ ഒരേ സമയം ദൈവത്തിന്റെയും ധനത്തിന്റെയും ദാസനായിരിക്കുക സാധ്യമല്ല. ധനം ഒരു ആനുകൂല്യം എന്നതിനെക്കാൾ ഉത്തരവാദിത്വമായിട്ടാണ് നാം കാണേണ്ടത്. എല്ലാം ദൈവത്തിന്റേതാണെന്നും ദൈവത്തിൽ നിന്നാണ് നമുക്ക് എല്ലാം ലഭിക്കുന്നതെന്നുമുള്ള അടിസ്ഥാന ചിന്തയാണ് ജീവിതത്തെ നിറമുള്ളതാക്കി മാറ്റുന്നത്.

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി

(നാലാം പേജിൽ നിന്നും തുടർച്ച)

ജയമടഞ്ഞു എന്ന് കരുതുന്നത് തികച്ചും അബദ്ധമാണ്. സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിച്ച് വിശുദ്ധിയിൽ ജീവിക്കുന്ന അനേകരിലൂടെ ഇന്നും ദൈവസഭ വളർന്നു കൊണ്ടിരിക്കുന്നു. പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് ഉത്തമ ക്രിസ്തുഭടനായി ക്രൈസ്തവ ജീവിതം വിജയകരമായി മുമ്പോട്ട് നയിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## വിവാഹിതരായി

പഴകുളം ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും കൂരമ്പാല ബ്ലസ്സി ഭവനിൽ റ്റി.ജി.സാമുവലിന്റെയും ഗ്രേസി സാമുവലിന്റെയും മകൻ ബ്ലസ്സൻ ജി. സാമുവലും പത്തനാപുരം ബെഥേൽ ഗോസ്പൽ അസംബ്ലി സഭാംഗവും പിടവൂർ ഇടയിലെവീട്ടിൽ വൈ. ഐസക്കിന്റെയും ലിസിക്കുട്ടി ഐസക്കിന്റെയും മകൾ ജൂലിയറ്റ് ഐസക്കും തമ്മിലുള്ള വിവാഹം ജൂൺ 12 വ്യാഴാഴ്ച പഴകുളം മംഗല്യാ ആഡിറ്റോറിയത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി* മാസികാ പ്രവർത്തകരുടെ ആശംസകൾ!




## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം,ഡൽഹി)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്**

**INDIAN CHRISTIAN MISSION**
Yash Niwas, 101, Block- A, 96E, Ward No-2, Meharauli, New Delhi-110030
Ph: 9810084388, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/12 - 14
Date of Publication - 5th JULY 2014

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി



ഷിബു തമ്പി
ന്യൂഡൽഹി

*2013 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യുത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.*

**5. ക്രിസ്തീയ മൂല്യങ്ങൾ പരിപാലിക്കുന്നതിൽ ആദിമ ക്രൈസ്തവ സമൂഹവും ആധുനിക സമൂഹവും തമ്മിലുള്ള വ്യത്യാസം.**

മുമ്പ് സൂചിപ്പിച്ചതുപോലെ ധാർമിക മൂല്യചുതി എല്ലാക്കാലത്തും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അതിന്റെ മദ്ധ്യത്തിൽ വിശുദ്ധിക്കുവേണ്ടി നിലകൊള്ളുവാൻ ക്രൈസ്തവ സമൂഹത്തിന് ഒരു പരിധിവരെ സാധിച്ചിട്ടുമുണ്ട്. എന്നാൽ ഈ നുറ്റാണ്ടിൽ പല ക്രൈസ്തവ വിഭാഗങ്ങളും അടിസ്ഥന ഉപദേശങ്ങളിൽ പോലും വെള്ളം ചേർത്ത് ലോകത്തോട് ഇഴുകിചേരാൻ വെമ്പൽകൊള്ളുന്നത് കാണുവാൻ കഴിയുന്നു.

ആത്മീയ പവിത്രതയേയും അതിന്റെ ശുഷ്കാന്തിയേയും കാത്തുസൂക്ഷിക്കേണ്ടതിന് ആത്മീയ, ധാർമിക, സദാചാര കാര്യങ്ങളിലുള്ള ഒരു പോരാട്ട മനോഭാവം അനുപേക്ഷണീയമാണ്. പിതാക്കന്മാർക്കുണ്ടായിരുന്ന പോരാട്ട മനോഭാവം അശേഷം പോലുമില്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൈവസഭയുടെ അംഗങ്ങൾ എന്നഭിമാനിക്കുന്നവർ പലരും ലോകമനുഷ്യരോട് അനുരൂപപ്പെട്ട ജീവിതശൈലികൾക്ക് ഉടമകളായി തീർന്നിരിക്കുന്നു. ദൈവവചനം വായ്കൊണ്ട് ഉരുവിടുമ്പോഴും അതിന്റെ ശക്തിയെ ത്യജിച്ച് ഭക്തികെട്ട ജീവിതം നയിക്കുന്നവർ ഇന്നത്തെ സഭകളിൽ ധാരാളം. ആദ്യകാലത്തും സഭയിൽ അഭക്തർ ഉണ്ടായിരുന്നെങ്കിലും അവർ വളരെ ചെറിയ ഒരു ന്യൂനപക്ഷമായിരുന്നു. അന്യമതാനുയായികളിൽ വെറുപ്പ് ഉളവാക്കുന്ന തരത്തിലാണ് ലോകത്തോട് അനുരൂപപ്പെടുവാനുള്ള പല ക്രൈസ്തവ സഭകളുടേയും വ്യഗ്രത. സ്വവർഗ്ഗ വിവാഹങ്ങൾ അംഗീകരിച്ച സഭകൾ അക്രൈസ്തവർക്ക് എങ്ങനെയാണ് മാതൃകയാകുന്നത്.

***6.എന്തുകൊണ്ട് സമൂഹത്തിൽ മൂല്യചൂതി സംഭവിക്കുന്നു,***

> **ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ യേശുക്രിസ്തുവിന്റെ അനുയായികളായ ക്രൈസ്തവർ ക്രിസ്തു സമാനമായ ജീവിതശൈലികൾ പുലർത്തി ലോകത്തിന് മാതൃക ആകേണ്ടത് അത്യന്താപേക്ഷിതമാണ്. ജീവിതത്തിൽ വിശുദ്ധിയുടെ ഉന്നത നിലവാരം പുലർത്തേണ്ടവരാണ് ദൈവമക്കൾ. ദൈവവചനത്തെ വിനയപൂർവ്വം അംഗീകരിക്കുന്നവർക്കുമാത്രമേ ഫലകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയൂ.**

ആധുനിക സമൂഹത്തിൽ ജീവിത സാഹചര്യങ്ങളും സൗകര്യങ്ങളും സമ്പത്തും വർദ്ധിച്ചപ്പോൾ ധാർമിക മൂല്യങ്ങൾക്ക് ജീവിതത്തിൽ കൊടുക്കേണ്ട സ്ഥാനം ജനം അതിനു കൊടുത്തു. പണത്തോടുള്ള ആസക്തി എതു പാപം ചെയ്തിട്ടും ആരെയും വഞ്ചിച്ചും പണം ഉണ്ടാക്കാൻ മനുഷ്യനെ പ്രേരിപ്പിച്ചു. പദവിക്കും പ്രശസ്തിക്കും വേണ്ടി എന്തു ചെയ്വാനും തയ്യാറായി. ലോകപരമായ സന്തോഷത്തിനും ജഡീക സുഖങ്ങൾക്കും വേണ്ടി ജീവിതവിശുദ്ധിയും വേർപാടും നഷ്ടമാക്കി പിശാചിന് അടിമയായി. മാതൃകയില്ലാത്ത ജീവിതത്തിനുടമകളായ മാതാപിതാക്കളും മുതിർന്നവരും യുവാക്കളെയും പുതിയ തലമുറയേയും അധാർമിക ജീവിതത്തിലേക്കും പാപത്തിലേക്കും തള്ളിവിടുന്നു.

***7. ഉപസംഹാരം- ക്രൈസ്തവ മൂല്യച്യുതിക്ക് പ്രതിവിധിക്കായി നമുക്ക് എന്തു ചെയ്വാൻ സാധിക്കും? മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ സുവിശേഷകന്മാർ, വിശ്വാസികൾ, സഭകൾ, മാധ്യമങ്ങൾ എന്നിവയ്ക്കുള്ള പങ്ക് എന്ത്?***

ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ യേശുക്രിസ്തുവിന്റെ അനുയായികളായ ക്രൈസ്തവർ ക്രിസ്തു സമാനമായ ജീവിതശൈലികൾ പുലർത്തി ലോകത്തിന് മാതൃക ആകേണ്ടത് അത്യന്താപേക്ഷിതമാണ്. ജീവിതത്തിൽ വിശുദ്ധിയുടെ ഉന്നത നിലവാരം പുലർത്തേണ്ടവരാണ് ദൈവമക്കൾ. ദൈവവചനത്തെ വിനയപൂർവ്വം അംഗീകരിക്കുന്നവർക്കുമാത്രമേ ഫലകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയൂ.

ക്രിസ്തീയ ജീവിതത്തിൽ പരാജയമടഞ്ഞാൽ നഷ്ടമാകുന്നത് രക്ഷയുടെ സന്തോഷവും പ്രതിഫലവുമാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിൽ രക്ഷിക്കപ്പെട്ടവർക്ക് പ്രതിഫലം വിഭജിക്കുമ്പോൾ ജീവിതപരാജയം പ്രതിഫലം നഷ്ടപ്പെടുത്തും. ഇന്നത്തെ ദൃശ്യസഭകളുടെ പോക്ക് കണ്ടിട്ട് ദൈവസഭ പരാ

(ശേഷം മൂന്നാം പേജിൽ)

ഉറവ

## കാലത്തിനു മായിക്കാൻ കഴിയാത്ത പേര്



ഇവാ. ജോൺ സാമുവൽ
മണക്കാല

എന്റെ ഭാര്യയുടെ ഇളയസഹോദരിക്ക് ഒരു പെൺകുഞ്ഞ് പിറന്നു. വടക്കേഇന്ത്യയിലെ ഒരു ആശുപത്രിയിലായിരുന്നു കുഞ്ഞിന് ജന്മം നല്കിയത്. ഞങ്ങളെല്ലാം അവിടെയുണ്ട്. ഏവരും സന്തോഷം പങ്കുവയ്ക്കുന്നതിനിടയിലാണ് ഞാൻ അത് ശ്രദ്ധിച്ചത്. കുഞ്ഞിന്റെ അപ്പനെ അവിടെങ്ങും കാണാനില്ല. അക്ഷമയുടെ നിമിഷങ്ങൾ. എവിടെ പോയി? ആർക്കും അറിയില്ല. അല്പനേരം കഴിഞ്ഞപ്പോൾ ചെറുപുഞ്ചിരിയോടെ കയ്യിൽ ഒരു ഷീറ്റ് പേപ്പറുമായി താൻ എത്തി, അതിൽ കുറെ പേരുകളും. കുഞ്ഞിന് ഒരു പേര് കണ്ടുപിടിക്കുവാൻ ഈ തിരക്കിനിടെ കമ്പ്യൂട്ടർ കഫേയിൽ പോയി നെറ്റ് സെർച്ച് ചെയ്യുകയായിരുന്നു ഇത്രയും നേരം. ഉം.. കാലം പോയ പോക്കേ...

കഥയല്ലത്. യാഥാർത്ഥ്യമാണ്. ഇന്നത്തെപ്പോലെ ഫെയ്സ്ബുക്ക് നിരന്തരം തമാശകൾ പൊട്ടിക്കുന്ന ചിരിപ്പെട്ടിയാകുന്നതിന് മുമ്പ് നടന്ന സംഭവമാണിത്. പേരിന്റെ വേരുകൾ തേടിയുള്ള യാത്ര ഒരു തപസ്യയാണ്.

പതിറ്റാണ്ടുകളെ തോല്പിച്ച് ഇന്ത്യൻ കായിക വേദിയിൽ തന്റെ പേര് ഇന്നും ഉയരത്തിൽ കാത്തുസൂക്ഷിക്കുന്ന കായിക താരമാണ് മിൽഖാസിങ്. ആദ്യമായി ഒളിമ്പിക്സിന്റെ ഫൈനൽ കണ്ട ഇന്ത്യൻ ഓട്ടക്കാരൻ! ഒരിക്കൽ ഒരു വലിയ ഓട്ടത്തിനു ശേഷം മിൽഖാ സിങ് ഒന്നു വിശ്രമിക്കാനിരുന്നു. മൈതാനത്തിന്റെ ആളൊഴിഞ്ഞൊരു മൂലയ്ക്കിരിക്കുമ്പോൾ തോണ്ടിവിളിച്ച് ആരോ ചോദിച്ചു;

ആർ യു റിലാക്സിങ്?

നോ, ഐ ആം മിൽഖാസിങ്!

1960-ൽ ലാഹോറിൽ വച്ച് നടന്ന ചരിത്രയോട്ട മത്സരത്തിൽ എതിരാളിയെ ബഹുദൂരം പിന്നിലാക്കി മിൽഖാസിങ് ടേപ്പ് തൊട്ടു. മൈതാനത്തിനു ചുറ്റും വിക്ടറിലാപ്പ് നടത്തുമ്പോൾ മൈക്കിലൂടെ അന്നത്തെ പാക് പ്രസിഡന്റ് ജനറൽ അയൂബ്ഖാന്റെ സ്വരം മിൽഖാ കേട്ടു, മിൽഖാ ഓടുകയായിരുന്നില്ല, പറക്കുകയായിരുന്നു. പാക്കിസ്ഥാന്റെ കായിക ചരിത്രത്തിൽ ഈ മത്സരവും ആലേഖനം ചെയ്യപ്പെടും. പറക്കും സിക്കുകാരൻ (Flying Sikh) എന്ന ബഹുമതി മിൽഖാസിങിനു നൽകുന്നു.

പതിനായിരക്കണക്കിന് കാണികൾ ഹർഷാരവത്തോടെ ആ നാമകരണത്തിന് പിൻതുണ പ്രഖ്യാപിച്ചു. ആ പേര് മിൽഖയുടെ പര്യായമായി ലോകമെങ്ങും പരന്നു.

അതേ വർഷം കൊച്ചിയിലെ കലാഭവന്റെ യോഗത്തിൽ ഒരു യുവഗായകനെ പ്രശസ്ത കവി ജി. ശങ്കരക്കുറുപ്പ് ഒരു വിശേഷണം ചൊല്ലിവിളിച്ചു - ഗാനഗന്ധർവൻ. അത് ആരായിരുന്നുവെന്ന് നാമാകുന്ന മലയാളികൾക്കൊക്കെ അറിയാം.

ഗാന്ധിജിയെ മഹാത്മ എന്ന് ആദ്യം വിശേഷിപ്പിച്ചത് രവീന്ദ്രനാഥ ടാഗോറാണ്. ബാപ്പു എന്നു വിളിച്ചതും ടാഗോർ തന്നെ. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് വിളിച്ചത് സുഭാഷ് ചന്ദ്രബോസ് ആണ്. വിൻസ്റ്റൺ ചർച്ചിലാകട്ടെ, അർധനഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെ വിശേഷിപ്പിച്ചു. 1928-ലെ ബർദ്ദോളി സത്യാഗ്രഹത്തിന് വല്ലഭായ് പട്ടേൽ നൽകിയ നേതൃത്വത്തിന്റെ പേരിൽ ഗാന്ധിജി അദ്ദേഹത്തിന് സർദാർ എന്ന സ്ഥാനപ്പേര് നൽകി. നേതാജി എന്ന് സുഭാഷ് ചന്ദ്രബോസിനെ വിളിച്ചതും ഗാന്ധിജി തന്നെ. ഇന്ത്യയുടെ വാനമ്പാടി എന്ന് സരോജിനി നായിഡുവിനെ വിശേഷിപ്പിച്ചത് ടാഗോറാണ്.

കാലത്തിന് കേൾക്കാൻ പാകത്തിൽ പറഞ്ഞ ആ നാമകരണങ്ങളുടെ പിന്നിലെ കഥ അറിവിനുവേണ്ടി പകരുമ്പോൾ തന്നെ നാം അറിഞ്ഞിരിക്കേണ്ടതും മുൻപറഞ്ഞ എന്തിനേക്കാളും കാലത്തെ അതിജീവിച്ച് പതിറ്റാണ്ടുകളായി ജനകോടികൾ ഉച്ചരിക്കുന്ന ഒരു പേരുണ്ട്, ബൈബിൾ!

ക്രൈസ്തവ ധർമ്മാനുശാസനമായ ഈ വിശുദ്ധഗ്രന്ഥത്തിന് 'ബൈബിൾ' എന്ന പേര് എങ്ങനെ ലഭിച്ചു? ഇതഃപര്യന്തം വിശ്വമുഖത്ത് ആവിർഭവിച്ചിട്ടുള്ള സമസ്തസാഹിത്യങ്ങളെക്കാൾ നമ്മുടെ വിശ്വാസവിഷയങ്ങൾക്ക് ഏകപ്രമാണരേഖയായി നാം അംഗീകരിച്ചിരിക്കുന്ന 66 ഗ്രന്ഥങ്ങളുടെ സമാഹാരവും ബഹുമുഖകാരണങ്ങളാൽ നിസ്തുല്യമായിട്ടുള്ളതുമായ ഈ സവിശേഷ ഗ്രന്ഥസമുച്ചയത്തെ സാഭിമാനം ശിരസ് ഉന്നമിപ്പിച്ച് കരങ്ങളിൽ ഉയർത്തി ബൈബിൾ എന്ന് ഉദ്ഘോഷിക്കുമ്പോൾ ആ പേര് വന്ന വഴി മനസ്സിലാക്കുന്നത് നന്നായിരിക്കും.

എഴുതാനുപയോഗിച്ച ഉപകരണത്തിൽ നിന്നും ഉണ്ടായിട്ടുള്ളതാണ് ബൈബിൾ എന്ന നാമം. നദീതടങ്ങളിലും ചതുപ്പുകളിലും വളർന്നിരുന്ന പാപ്പിറസ് ചെടിയുടെ പോളകളാണ് ആദ്യകാലത്ത് എഴുതാൻ ഉപയോഗിച്ചിരുന്നത്. ഇതിന്റെ വിവിധ കഷണങ്ങൾ ഒന്നിച്ചുചേർത്ത് സൗകര്യാർത്ഥം രൂപപ്പെടുത്തും. ഇതിനെ പുസ്തകങ്ങൾ എന്നർത്ഥം വരുന്ന ബിബ്ലോസു (biblos)എന്ന് വിളിക്കുന്നു. (പാപ്പിറസ് തന്നെ byblus എന്നും വിളിക്കപ്പെട്ടിരുന്നു. ബിബ്ലോസു ഇറക്കുമതി ചെയ്തിരുന്ന ഫൊയ്നീക്യൻ നഗരമായ GEBAL പിന്നീട് byblos എന്ന് അറിയപ്പെട്ടുതുടങ്ങി)

ഗ്രീക്കുഭാഷക്കാരായ ക്രൈസ്തവർ പഴയപുതിയ നിയമങ്ങൾ ഉൾപ്പെടുന്ന ഈ ഗ്രന്ഥത്തെ പുസ്തകങ്ങൾ (The Books) എന്ന അർത്ഥത്തിൽ റ്റാ-ബിബ്ളിയാ എന്ന് വിളിച്ചുപോന്നു. ഇതിൽ നിന്നുമാണ് ബൈബിൾ എന്ന പേരുണ്ടായത്. ബൈബിൾ എന്ന പേര് കൂടുതൽ പ്രയോഗക്ഷമമാക്കിയത് എ.ഡി. 400-ൽ ക്രിസോസ്റ്റം ആണ്.

കാലാതീതനായ ദൈവം കാലത്തിൽ കഴിയുന്ന മനുഷ്യർക്ക് വിഭിന്ന കാലങ്ങളിലായി നൽകിയിട്ടുള്ള അരുളപ്പാടുകൾ രേഖയാക്കി വച്ചിട്ടുള്ള വിശുദ്ധ ഗ്രന്ഥത്തിന്റെ പേരുവന്ന വഴി അത്ഭുതാവഹമായതാണ്.




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030**

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*